2. 1984 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്തതും എന്നാൽ പോസ്റ്റുകളും ആവശ്യമുള്ളതുമായ കണക്ഷനുകളും.

3. 1981 മാർച്ച് 31 വരെ മിനിമം ഗാരണ്ടി എഗ്രിമെന്റ് സമർപ്പിച്ചിട്ടുള്ളതും ലൈൻവലിച്ച് നൽകേണ്ടതുമായ കണക്ഷനുകളും.

4. കൃഷിക്കും വ്യവസായത്തിനും രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാകണക്ഷനുകളും.

5. 1985–86 സാമ്പത്തിക വർഷത്തിൽ വൈദ്യുതീകരണത്തിന് വിഭാവനം ചെയ്തിട്ടുള്ള പട്ടികജാതി–പട്ടിക വർഗ്ഗ കോളനികളുടെ വൈദ്യുതീകരണം ത്വരിതപ്പെടുത്തൽ.

(സി) ഇല്ല. പോസ്റ്റുകളും ആവശ്യമായ 13289 കണക്ഷനുകളും ഇനി നൽകാനുണ്ട്.

നാഫെഡും സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനും വാങ്ങിയ കൊപ്ര

* 171 [174] ശ്രീ. എൻ.ചന്ദ്രശേഖരക്കുറുപ്പ്:
,, ടി.കെ.അബ്ദു:
,, എം.വി.രാഘവൻ:
,, സി.പി.മുസ്സാൻകുട്ടി:
,, എ.കെ.പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഫെഡും സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനും കൊപ്ര വാങ്ങാൻ തുടങ്ങിയത് എന്നു മുതലാണ്;

(ബി) ഇതിനകം എത്ര ടൺ കൊപ്ര വാങ്ങിച്ചു;

(സി) ഈ സ്ഥാപനങ്ങൾ രണ്ടും കൊപ്ര വാങ്ങിയതിൽ നഷ്ടമുണ്ടായിട്ടുണ്ടോ? എങ്കിൽ എത്ര?

(ഡി) നാഫെഡിനും മാർക്കറ്റിംഗ് ഫെഡറേഷനും പരസ്യ വിപണിയിൽ നിലവിലുള്ളതിനേക്കാൾ കൂടുതൽ വിലയ്ക്ക് കൊപ്ര വാങ്ങാനുള്ള അധികാരം നൽകാൻ നടപടി സ്വീകരിക്കുമോ?

(ഇ) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ.എൻ.സുന്ദരൻ നാടാർ):

(എ) സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ 27–6–1985 മുതലും, നാഫെഡ് 14–1–1986 മുതലും കൊപ്ര വാങ്ങാൻ തുടങ്ങി.

(ബി) 21,700 ടൺ.

LIBRARY ARCHIVES Kerala Legislative Assembly

(സി) താങ്ങുവില പദ്ധതിപ്രകാരം കൊപ്ര വാങ്ങി, സബ്സിഡി നിരക്കിൽ പൊതുവിതരണ സമ്പ്രദായത്തിൽ വെളിച്ചെണ്ണ വിതരണം ചെയ്തതിൽ നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ടം കണക്കാക്കി വരുന്നതേയുള്ളൂ.

(ഡി) ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയിൽ ഇക്കാര്യം വിഭാവനം ചെയ്തിട്ടില്ല.

(ഇ) സർക്കാരിന് ലഭിച്ചിട്ടുള്ള നിവേദനങ്ങളിൽ ഇക്കാര്യവും ഉണ്ട്.

ലോട്ടറി ടിക്കറ്റിൽ ഏർപ്പെടുത്തിയ നികുതി

* 172 [175] ഡോ.എ.സുബ്ബറാവു:
ശ്രീ. കെ.പി.പ്രഭാകരൻ:
,, എം.കെ.കേശവൻ:
,, കെ.ആർ.ചന്ദ്രമോഹനൻ:
,, പി.കുമാരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ടിക്കറ്റിൻമേൽ പുതുതായി ഏർപ്പെടുത്തിയ നികുതി പിൻവലിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ലോട്ടറി ടിക്കറ്റ് ഏജൻറുമാർ നൽകിയ നിവേദനത്തിൻറെ അടിസ്ഥാനത്തിലാണോ പുതിയ നികുതി പിൻവലിച്ചത്;

(സി) ഏജൻറുമാരുടെ സമരം മൂലം നഷ്ടം നേരിട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എത്ര?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) ഗവൺമെൻറു നിയമിച്ച ഏകാംഗ കമ്മീഷനു കേരള സ്റേറററ് ലോട്ടറി ഏജൻസ് അസോസിയേഷൻ നിവേദനം നൽകിയിരുന്നു. നിവേദനം ഉൾപ്പെടെ പ്രസക്തമായ എല്ലാ കാര്യങ്ങളും പരിഗണിച്ച ശേഷം കമ്മീഷൻ നൽകിയ ശുപാർശയുടെ വെളിച്ചത്തിലാണ് വിൽപ്പനനികുതി പിൻവലിച്ചത്.

(സി, ഡി) 11,27,456 രൂപ. ഇത് താൽക്കാലിക കണക്കാണ്.

ഓവർഡ്രാഫ്റിൻറെ പലിശ

* 173 [176] ശ്രീ. പി.സീതിഹാജി:
,, കെ.മൂസ്സക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 മേയ് 31-ന് സംസ്ഥാനത്തിൻറെ ഓവർഡ്രാഫ്റ് തുക എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly